തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**

വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

നം. 395/എ1/2022/അഡ്മിൻ. 18.03.2024

വിഷയം:- തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013 ലെ വകുപ്പ് 13(ബി) (iii) അനുച്ഛേദപ്രകാരം പൊതുസഭയിൽ അംഗങ്ങളായ വിദ്യാർഥി പ്രതിനിധികളിൽനിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളാൽ നിർവാഹകസമിതിയിലേക്ക് ഒരു വിദ്യാർത്ഥി പ്രതിനിധിയെ തിരഞ്ഞെടുക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1) പരാമർശം: 29.01.2024 ലെ 373/എ1/2022/ അഡ്മിൻ നം. വിജ്ഞാപനം

2) 11.03.2024 ലെ വൈസ് ചാൻസലറുടെ ഉത്തരവ്.

## വിജ്ഞാപനം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലാ നിയമം 2013 ലെ അദ്ധ്യായം III വകുപ്പ് 13(ബി) (iii) പ്രകാരം പൊതുസഭയിൽ അംഗങ്ങളായ വിദ്യാർഥികളിൽനിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളാൽ നിർവാഹകസമിതിയിലേക്ക് ഒരു അംഗത്തെ തിരഞ്ഞെടുക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നു. അന്തിമ വോട്ടർപട്ടികയിൽ പേര് പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുസഭയിലെ അംഗങ്ങൾക്ക് നിർവാഹകസമിതിയിലേക്ക് തിരഞ്ഞെടുക്കുന്നതിനായി വോട്ട് രേഖപ്പെടുത്തുവാൻ അവകാശമുണ്ടായിരിക്കും.

ഈ വിജ്ഞാപന പ്രകാരം നിർവാഹകസമിതിയിലേക്ക് വിദ്യാർത്ഥി പ്രതിനിധിയുടെ തിരഞ്ഞെടുപ്പ് താഴെ ചേർത്ത തീയതി ക്രമ പ്രകാരം നടത്തുന്നതാണ്.

| | | | |
|---|---|---|---|
| 1. | തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതി | - | 18.03.2024 |
| 2. | നാമനിർദ്ദേശപത്രിക സമർപ്പണം | - | 22.03.2024 മുതൽ 26.03.2024 വരെ (4 മണി വരെ) |
| 3. | നാമനിർദ്ദേശപത്രിക സൂക്ഷ്മപരിശോധന | - | 27.03.2024 |
| 4. | സ്ഥാനാർത്ഥി പട്ടികയുടെ പ്രസിദ്ധീകരണം | - | 01.04.2024 (2 മണി വരെ) |
| 5. | നാമനിർദ്ദേശപത്രിക പിൻവലിക്കൽ | - | 02.04.2024 ഉച്ചയ്ക്ക് ശേഷം 2 മണി വരെ |
| 6. | അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കൽ | - | 02.04.2024 (4 മണി) |
| 7. | തിരഞ്ഞെടുപ്പ് നടത്തുന്ന തീയതി (തിരഞ്ഞെടുപ്പ് ആവശ്യമായി വരികയാണെങ്കിൽ) | - | 05.04.2024 (രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ) |
| 8. | തിരഞ്ഞെടുപ്പ് നടത്തുന്ന സ്ഥലം | - | സർവകലാശാലാ കാമ്പസ്, വാക്കാട് |

| | | |
|---|---|---|
| 9. വോട്ടെണ്ണൽ | - | 05.04.2024 ഉച്ചയ്ക്ക് ശേഷം 3 മണിക്ക് |
| 10. വോട്ടെണ്ണൽ കേന്ദ്രം | - | സർവകലാശാല കാമ്പസ്, വാക്കാട് |
| 11. ഫലപ്രഖ്യാപനം | - | 05.04.2024 ഉച്ചയ്ക്ക് ശേഷം 4 മണിക്ക് |

സ്ഥാനാർത്ഥി പട്ടികയിൽ പേരുള്ള വോട്ടർമാർക്ക് നാമനിർദ്ദേശപത്രികയുടെ നിശ്ചിത മാതൃകയിലുള്ള ഫോറം 22.03.2024 ന് രാവിലെ 10 മണി മുതൽ വരണാധികാരിയിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.

വരണാധികാരി

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
തിരൂർ
മലപ്പുറം